**Week-3**

# Weekly Devotion - August 2016

## What is Freedom? സ്വാതന്ത്ര്യം എന്നാൽ എന്ത് ?




സ്വാതന്ത്ര്യത്തിന്റെ 70-ാം പിറന്നാളിലേക്ക് രാജ്യം കടക്കുമ്പോൾ ഭാരതീയ രായ നാം ഭീതിയുടെ നിഴലിലോ, അതോ സ്വാതന്ത്ര്യത്തിന്റെ നിർവൃതിയിലോ? അർദ്ധരാത്രിയുടെ ഭയാനകതയിൽ ലോകം ഉറങ്ങുമ്പോൾ ഭാരതം ജീവിതത്ത തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ഉണരുകയായിരുന്നു. സ്വതന്ത്രഭാരത്തിന്റെ ജീവന്റെ ആദ്യ തുടിപ്പിന്റെ പ്രഖ്യാപനം ആദ്യ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹറു നടത്തിയപ്പോൾ അത് സ്വാതന്ത്ര്യത്തിന്റെ തുടക്കമായിരുന്നു. സ്വാതന്ത്ര്യം നമ്മുടെ ജീവനും, ജീവിതത്തിനും സംരക്ഷണം നൽകുന്നതായിരിക്കണം. എന്നാൽ ഇന്ന് സ്വാതന്ത്ര്യം എന്ന് ജനം കരുതുന്നത് സ്നേഹം, കരുതൽ, സുരക്ഷ തുടങ്ങി പല വേലിക്കെട്ടുകളേയും തകർത്തു കളയുന്ന പ്രവർത്തികൾ ചെയ്യുന്നതാണെന്നാ ണ്, സംസ്കാരശൂന്യരായി സ്വാതന്ത്ര്യത്തിന്റെ മതിലുകളെ തകർക്കുന്നതാണ് ഇന്നത്തെ തലമുറയിൽ ചിലർ അഭിമാനമായി കാണുന്നത്.

ആരെ ചതിച്ചും ജീവിക്കുക അതാണ് അവരുടെ സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യം അഥവാ ഉദ്ദേശം. ചതിവിൽ ഒരു വ്യക്തിയുടെ ബിസ്സിനസ്സ് ( ചെറുതോ, വലുതോ എന്നത് വിഷയമല്ല) തകർത്ത് ഭരണകൂടത്തിന്റെയോ, നേതൃനിരയിലുള്ളവരുടെയോ

സഹായത്തോടെ പുതിയ ബിസ്സിനസ്സ് ചിലർ ആരംഭിക്കുന്നു. ചില കമ്പനിക്കാർ കാരണം പറയാതെ ജോലിക്കാരെ പിരിച്ചു വിടുന്നു, അവർക്കുള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നു. മറിച്ചും സംഭവിക്കുന്നിടവും ഉണ്ട്. ജോലിക്കായി കയറിപ്പറ്റുന്നവർ സ്ഥാപനങ്ങളെ നശിപ്പിക്കുന്നു. ആരും ആരുടേയും വേദന കാണുന്നില്ല. ഈ പ്രവർത്തികൾ പാപമാണെന്നും, അത് ശാപകാരണമാകുമെന്നും ഇവർ മനസ്സിലാക്കുന്നില്ല.

വസ്ത്രധാരണ രീതിയിലും, ഭാഷാ ശൈലിയിലും എല്ലാം സ്വാതന്ത്ര്യത്തിന്റെ കടന്നുകയറ്റം ഉണ്ടായപ്പോൾ അത് പലരുടെയും സ്വഭാവ വൈകൃതത്തിന് കാരണമായി. സ്വാതന്ത്ര്യത്തിനായിട്ടാണ് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത്. ലോകം ഒരുക്കുന്ന അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതെന്ന് വചനം നമുക്ക് മുന്നറിയിപ്പ് തരുന്നുണ്ട്. “ കർത്താവ് ആത്മാവാകുന്നു കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം ഉണ്ട്” എന്ന് (2കൊരി :3:17 ൽ കാണുന്നു).

ഭരണം മാറി മാറി വന്നാലും August 15th ഭാരതം സ്വാതന്ത്ര്യദിനമായി ആഘോഷിക്കുന്നു. ഭാരതീയരായ നാമും അതിൽ പങ്കുചേരുന്നു. അപ്പോഴും നാം ഓർക്കേണ്ടത് ഇവിടെ നാം പരദേശവാസികളാണെന്നാണ്, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. സ്വർഗ്ഗീയ പൗരത്വം ആഗ്രഹിക്കുന്ന നാം എപ്രകാരമുള്ള സ്വാതന്ത്ര്യമാണ് ഭൂമിയിൽ ആഘോഷിക്കേണ്ടത് എന്ന് ലൂക്കോസ് (4:18) ൽ ക്രിസ്തു നമുക്ക് കാട്ടിത്തരുന്നു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു എങ്കിലും ലോകത്തിന്റെ ബന്ധനത്തിലും, പീഢനത്തിലും കഴിയുന്നവരുമുണ്ട്, ഇവരോട് സുവിശേഷം അറിയിപ്പാനുള്ള ചുമതല ഇന്ന് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു. അവൻ വരുംവരെ ആ ദൗത്യം നിർവ്വഹിപ്പാൻ നാം ചുമതലപ്പെട്ടവരാണ്.

ദൈവീക നിറവ് നമുക്ക് തരുന്ന സ്വാതന്ത്ര്യവും ശക്തിയും ഇല്ലാതാക്കുക സാത്താന് സന്തോഷമുള്ള കാര്യമാണ്, പാപത്തിന്റെ വഴി ഉപേക്ഷിക്കുക എന്ന് വചനം മുന്നറിയിപ്പ് തരുന്നു. ദെലീലയുടെ പിടിയിലായ ശിംശോൻ മൂന്നു പ്രാവശ്യം ബന്ധന വിമുക്തനായത് പരിശുദ്ധത്മാവ് അവനിൽ വന്നതു കൊണ്ടാണ് (ന്യായ :16:7.11,14), എന്നാൽ വീണ്ടും തെറ്റിലകപ്പെട്ടത് അവൾ ഒതുക്കുവാൻ തക്കവണ്ണം ദെലീലയുടെ മടിയിലെ സുഖം തേടിയതിനാലാണ് തന്റെ സകല കാര്യവും സാത്താന് വെളിപ്പെടുത്തുന്നവനെ നശിപ്പിക്കുവാൻ എളുപ്പമാണ്. ‘SinBinds, SinBlinds’. പാപം മാനസീകവും ശാരീരകവുമായി നമ്മെ തകർക്കും. ശിംശോൻ തകർന്ന്, ശത്രുവിന്റെ പീഢനത്തിൽ നിലവിളിച്ചവന്റെ നിലവിളി കേട്ട ദൈവം അവന്റെ ശക്തി മടക്കി നൽകിയതിനാൽ ക്ഷേത്രത്തിന്റെ തൂൺ കുലുക്കി ക്ഷേത്രം തകർന്ന് അവനോടൊപ്പം അനേകർ മരണത്തിനിരയായിത്തീർന്നു. ഇന്ന് മനുഷ്യ ബോംബുകളായി പ്രത്യക്ഷപ്പെടുന്നവർ അവർ മരിക്കും എന്ന നിശ്ചയത്തോടെ

തന്നെ അനേകരെ മരണത്തിനിരകളാക്കുന്നു. പാപബന്ധനം ഉണ്ടാക്കുന്ന തകർച്ച എത്ര ഭായങ്കരം.

എന്നാൽ കാരാഗൃഹത്തിലെ കഷ്ടതയിൽ പൗലോസും ശീലാസും പ്രാർത്ഥിച്ചു, ദൈവത്തെ പാടി സ്തുതിച്ചപ്പോൾ ദൈവം അയച്ച ഭൂകമ്പം കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി, വാതിലൊക്കെയും തുറന്നുപോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞു വീണു. കാരാഗൃഹത്തിൽ കിടന്നവർ മാത്രമല്ല, പുറത്ത് സ്വാതന്ത്ര്യത്തിലാണ് എന്ന് വിചാരിച്ചു നടന്ന കാരാഗൃഹ പ്രമാണിയും ആത്മസ്വാതന്ത്ര്യത്തിന്റെ രക്ഷയിലേക്ക് പ്രവേശിപ്പാൻ ആ ആരാധന സഹായിച്ചു. പ്രീയരെ! നമ്മുടെ ആരാധന ബന്ധനം അഴിക്കുന്നതോ, അതോ ബന്ധനാവസ്ഥയിലായവരെ നശിപ്പിക്കുന്നതോ?

പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെടേണം. ക്രിസ്തുവിനോടു കൂടെ മരിച്ചു എകിൽ മാത്രമേ അവനോടു കൂടെ ജിവിപ്പാനും കഴിയുകയുള്ളു. അതായത് ക്രിസ്തുവിനോട് ചേർന്നാൽ മാത്രമേ നാം പൂർണ്ണ സ്വതന്ത്രരാകുന്നുള്ളു. അതായത് ക്രിസ്തുവിനോട് ചേർന്നാൽ മാത്രമേ നാം പൂർണ്ണ സ്വതന്ത്രരകുന്നുള്ളു. അതായത് ക്രിസ്തുവിനോട് ചേരുവാൻ നാം സ്നാനം ഏറ്റേ മതിയാകുകയുള്ളു. അവനോടു കൂടെ മരണത്തിൽ പങ്കാളികളായി സ്നാനത്താൽ കുഴിച്ചിടപ്പെട്ട നാം പിതാവിന്റെ മഹിമയാൽ ക്രിസ്തു ജീവിച്ചെഴുന്നേറ്റതുപോലെ നാമും എഴുന്നേൽക്കുന്നു. അപ്രകാരം നാം ക്രിസ്തുവിൽ സ്വതന്ത്രരാകുന്നു. ക്രിസ്തുവിന്റെ സ്നേഹമാണ് യഥാർത്ഥത്തിൽ നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നത് .

പ്രീയ ദൈവമക്കളെ, ശത്രുവായ സാത്താൻ താല്ക്കാലിക മോഹങ്ങളുമായി വരുമ്പോൾ സൂക്ഷിച്ച് പിൻമാറുക. ദൈവസ്നേഹത്താൽ ആത്മസ്വാതന്ത്ര്യം നേടുവാനും നിലനിർത്തുവാനും ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ! പാപികളായിരിക്കുമ്പോൾ തന്നെ ഞങ്ങളെ സ്നേഹിച്ച അങ്ങയുടെ സ്നേഹത്തിന് നന്ദി. സ്വതന്ത്ര്യം നഷ്ടമാക്കിയവരെ ക്രിസ്തുവിൽ സ്വതന്ത്രരാക്കുവാൻ, ആ മഹാഭാഗ്യത്തിലേക്ക് നയിപ്പാൻ ഞങ്ങളെ അങ്ങയുടെ ആത്മാവാൽ നിറച്ച് അയയ്ക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind